# DIGITAL MAGAZINE

## Deepthi High School Thalore

# डाट्टात्मम्



SINCE : 1976 PIN CODE : 680306 PHONE : 0487 235372
EMAIL : DEEPTHITHALORE@GMAIL.COM

# LITTLE KITES DIGITAL MAGAZINE 2023-24

# ആമുഖം

ദീപ്തി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഉണ്ടാക്കിയ ഒരു ഡിജിറ്റൽ മാഗസിൻ ആണ് ഇത് .ഈ മാഗസിൻ ഉണ്ടാക്കുന്നതിൽ എല്ലാ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സഹകരണവും ഉൾപ്പെടുത്തിയിട്ടുണ്ട് .ഈ മാഗസിൻ മുഴുവനായും കുട്ടികൾ മലയാള ഭാഷയിൽ ടൈപ്പ് ചെയ്ത് ഉണ്ടാക്കിയതാണ് .ഈ മാഗസിനിൽ മലയാളം കവിതകളും കഥകളും ആനുകാലികങ്ങൾ  കൊണ്ട് നിറഞ്ഞിരിക്കുന്നു.ഈ മാഗസിൻ നിങ്ങൾ തീർച്ചയായും ആസ്വദിക്കും എന്ന് കരുതുന്നു



## പ്രകൃതി

പ്രകൃതി മനുഷ്യരാശിയുടെ സുപ്രധാനവും അവിഭാജ്യഘടകവുമാണ്. മനുഷ്യ ജീവിതത്തിനുള്ള ഏറ്റവും വലിയ അനുഗ്രഹങ്ങളിൽ ഒന്നാണിത്. എന്നിരുന്നാലും ഇക്കാലത്ത് മനുഷ്യർ അതിനെ ഒന്നായി തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നു. മുൻകാലങ്ങളിൽ നിരവധി കവികളും എഴുത്തുകാർക്കും കലാകാരന്മാർക്കും പ്രകൃതി ഒരു പ്രചോദനമാണ്. ഈ ശ്രദ്ധേയമായ സൃഷ്ടി അതിന്റെ മഹത്വത്തിൽ കവിതകളും കഥകളും എഴുതാൻ അവരെ പ്രചോദിപ്പിച്ചു. ഇന്നും അവരുടെ സൃഷ്ടികളിൽ പ്രതിഫലിക്കുന്ന പ്രകൃതിയെ അവർ ശരിക്കും വിലമതിച്ചു. അടിസ്ഥാനപരമായി നമ്മൾ കുടിക്കുന്ന വെള്ളം നാം ശ്വസിക്കുന്ന വായു നാം നോക്കുന്ന ചന്ദ്രൻ എന്നിവയും അതിലേറെയും പോലെ നമുക്ക് ചുറ്റുമുള്ള എല്ലാം പ്രകൃതിയാണ്. എല്ലാറ്റിനും ഉപരിയായി അത് സമ്പന്നവും ഊർജ്ജസ്വലവുമാണ് കൂടാതെ ജീവനുള്ളതും അല്ലാത്തതുമായ വസ്തുക്കളും ഉൾക്കൊള്ളുന്നു അതിനാൽ ആധുനിക യുഗത്തിലെ ആളുകളും പഴയ ആളുകളിൽ നിന്ന് എന്തെങ്കിലും പഠിക്കുകയും വളരെ വൈകുന്നതിനു മുൻപ് പ്രകൃതിയെ വിലമതിക്കാൻ തുടങ്ങുകയും വേണം.മരം മുറിക്കുന്നത് വിവിധ മേഖലകളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു. ഇത് എളുപ്പത്തിൽ മണ്ണൊലിപ്പിന് കാരണമാവുകയും മഴയുടെ അളവ് വലിയ തോതിൽ കുറയുകയും ചെയ്യും.സമുദ്രജലം മാലിന്യമാക്കുന്ന എല്ലാ വ്യവസായങ്ങളും ഉടനടി കർശനമായി നിരോധിക്കണം കാരണം ഇത് ധാരാളം ജലക്ഷാമം ഉണ്ടാക്കുന്നു വാഹനങ്ങളുടെയും എസി കളുടെയും ഓവനുകളുടെയും അമിതമായ ഉപയോഗം ഓസോൺ പാളിയെ നശിപ്പിക്കുന്ന ധാരാളം ക്ലോറോഫ്ലൂറോകാർബണുകൾ പുറപ്പെടുവിക്കുന്നു.ഇത് ആഗോളതാപനത്തിന് കാരണമാകുന്നു. ഈ താപവികാസനത്തിനും ഹിമാനികൾ ഉരുക്കുന്നതിനും കാരണമാകുന്നു



# വണ്ട്

ചഞ്ചൽ കൺമുനയേറ്റ നീ വിറയഴും പുഷ്പ
സ്പർശിപ്പ് നീ
കൊഞ്ചി കർമ്മ സമീപം പലതരം മന്ത്രം
സമരിപ്പുണ്ട്  നീ
അഞ്ചിക്കരം കുതറിയിടവേ ധിധി പഥം
ചെഞ്ചുണ്ട് ചുംബിപ്പുനി
വഞ്ചിപ്പ് പരമാർത്ഥ നിഹമാം വണ്ടേ ഭവാൻ
ഭാഗ്യവാൻ



# വാർമഴവിലെ

വാർമഴവിലെ,വന്നാലും

വാനിൻ മടിയിലിരുന്നാലും



കൺകുളിരുന്നു കാണുമ്പോൾ

കരൾനോവുന്നു മായുമ്പോൾ

ആരു നിനക്കീ നിറമേകി?


ആരു നിനക്കീ നില നൽകീ?

എന്നെക്കൂടി വിളിക്കാമോ?

നിന്നുടെയരികെയിരുത്താമോ?

–ജി.ശങ്കരൻക്കുറുപ്പ്

# കട്ടുറുമ്പും അരിപ്രാവും



ഒരിടത്ത് ഒരിടത്ത് ഒരാറ്റിൻവക്കിലൂടെ ഒരു കട്ടുറുമ്പ് പോവുകയായിരുന്നു. മനോഹരമായ ആറ് .ആറ്റിലേക്ക് ചാഞ്ഞുനില്ക്കുന്ന ഒരു മരം.ഇലകളിൽ തൂങ്ങിക്കിടക്കുന്ന വെള്ളത്തുള്ളികൾ! അതൊന്ന് കുടിക്കണം.അവൻ മെല്ലെ മെല്ലെ മരത്തിൽ കയറിക്കൂടി.

വളരെ പണിപ്പെട്ട് ഇലത്തുമ്പത്ത് തൂങ്ങിക്കിടക്കുന്ന
മഴത്തുള്ളി കുടിക്കാനായി ശ്രമിച്ചു.
ബ്ളും! ഉറുമ്പും വെള്ളത്തുള്ളിയും കൂടി നദിയിൽ! പാവം
ഉറുമ്പിന് നീന്താനറിയില്ല.
അവൻ വെള്ളത്തിൽ മുങ്ങിയും പോങ്ങിയും
കഷ്ടപ്പെട്ടു.ഇതെല്ലാം കണ്ട്
മരക്കൊമ്പിലിരിക്കുകയായിരുന്നു അരിപ്രാവ് .പ്രാവിന്
കട്ടുറുമ്പിനോട് വലിയ അലിവ് തോന്നി. പ്രാവ്
മരത്തിൽനിന്ന് ഒരില കൊത്തിയെടുത്ത് താഴെ
പുഴയിലേക്ക് ഇട്ടുകൊടുത്തു.ഉറുമ്പിന് അത് വലിയ
രക്ഷയായി. അവൻ ആ ഇലയിൽ കയറി ഒരുവിധം
രക്ഷപ്പെട്ടു.നന്ദിയോടെ അരിപ്രാവിനെ നോക്കി
നടന്നുപോയി.അധികം ദൂരം പോയില്ല.
ഒരു വേടൻ അരിപ്രാവനെ നോക്കി ഉന്നംപിടിക്കുന്ന
കാഴ്ച കണ്ട് അവൻ ഞേട്ടിപ്പോയി!
തന്നെ രക്ഷിച്ച അരിപ്രാവിനെയാണല്ലോ ആ വേടൻ
കൊല്ലാൻ ശ്രമിക്കുന്നത്. അവൻ വെടന്റെ
അരികിലേക്ക് പാഞ്ഞു.വേടൻ കാണാതെ വേടന്റെ
കാലിൽ ഒറ്റക്കുത്ത്!

# മിന്നാമിനുങ്ങുകൾ

ചിന്നിച്ചിതറിയ
താരകപ്പൊട്ടുകൾ
മണ്ണിലടങ്ങിങ്ങു
പൊഴിഞ്ഞപോലെ
മിന്നിയും മങ്ങിയും
വെട്ടം പരത്തുന്ന
മിന്നാമിനുങ്ങുകൾ
ക്കെന്തു ഭംഗി
വിണ്ണിൽ തലങ്ങും
വിലങ്ങും പറന്നിവ
പിന്നിൽ വെളിച്ചം
വരഞ്ഞിടുമ്പോൾ
പൊന്നിന്റെ
നൂലുകൾ

കൊണ്ടൊരു കംബളം
നെയ്യുന്നപോലെയും തോന്നിടുന്നു
പുല്ലാഞ്ഞിക്കാട്ടിലും പാടവരമ്പിലും
പുൽമേട്ടിലാകെയു, മന്തികളിൽ
എങ്ങുനിന്നെത്തുന്നു മിന്നാമിനുങ്ങകൾ
എന്നതും വിസ്മയമായിടുന്നു!
എന്നും പകൽനേരമിക്കൂട്ടരെങ്ങുപോയ്
തങ്ങുന്നു, കാണാൻ കഴിഞ്ഞുമില്ല
പുല്ലിന്നടിയിലും വള്ളിപ്പടർപ്പിലും
പമ്മിപ്പതുങ്ങിയിരിക്കയാവാം

– അസുരമംഗലം

# ശാന്തത

പനിനീർ ദളം പോലെ
മൃദുവായ ചുണ്ടുകൾ
നീണ്ടു വിടർന്ന
കണ്ണുകളോടു ചോദിച്ചു
നീയെന്തേ നിറയാത്തൂ
നീയെന്തേ തുളുമ്പാത്തൂ
ഒരു കടലുണ്ടല്ലോ
കരഞ്ഞു തീർക്കാൻ
പെയ്തൊഴിയൂ
മനസ്സ് ശാന്തമാകട്ടെ

മിഴികൾ മെല്ലെ മൊഴിഞ്ഞു
ഞാൻ പെയ്തുവെന്നാൽ
നിനക്ക്
വിതുമ്പാതിരിക്കാനാവില്ല
തേങ്ങി തേങ്ങി
തളരാതിരിക്കാനാവില്ല
അലറി
കരയാതിരിക്കാനാവില്ല
എനിക്കതു കാണാൻ വയ്യ
നിന്റെ പുഞ്ചിരിയിലാണെന്റെ
ശാന്തത

–മഞ്ജു

# ചെറൂശ്ശേരി




ക്രി.വ. പതിനഞ്ചാം നൂറ്റാണ്ടിൽ
ഉത്തകേരളത്തിൽ
ജീവിച്ചിരുന്ന മഹാകവി കോലത്തുനാട്ടു
ഭരിചിരുന്ന ഉദയവർമ്മ രാജാവിൻെറ
പണ്ഡിതസദസ്സിലേ അംഗമായിരുന്നു.
ഭാഗവതം ദശമസ്കന്ധത്തെ
ആധാരമാക്കിരചിച്ച കൃഷ്ണഗാഥയാണ്
അദ്ദേഹത്തെ അനശ്വരനാകിയ
കൃതി.

# പണ്ടത്തെപാട്ടുകൾ

നമ്മുടെ മാതാവു–
കൈരളി–പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ
കാലം
യാതൊരു
ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ
മാതിരിയിൽ
ഏടലർച്ചങ്കാൽച്ചിലങ്ക
കിലുങ്ങുമാ–
റോടിക്കളിച്ചു  രസിച്ച
കാലം–
പെറ്റമ്മതന്നുടെ
വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത
പൂങ്കണ്ഠത്താൽ
പാടിയിരുന്ന
പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ
ചെകിട്ടിനെല്ലാം

**–അനിരുദ്ധൻ**

# ലോക ലഹരി വിരുദധ ദിനം

ഒരു കൗതകത്തിൽ പതിയെ
തുടങ്ങി ഞാനില്ലാതെ
പറ്റില്ലെന്നായി പതിയെ
പതിയെ
ഒടുങ്ങിഇല്ലാതെയായ
പല ജീവന്റേയും കഥ
പറയാനുണ്ടെനിക്ക്
പുകച്ചു കളയാം

എരിഞ്ഞമരുന്നത് നമ്മൾ
തന്നെ എന്ന് ഓർക്കുക
ലഹരിപദാർത്ഥങ്ങൾ
ഒഴിവാക്കുക
ആരോഗ്യത്തോടെ ജീവിക്കുക



# ഒരു ദിനം

ചെറുപുഞ്ചിയൽ
ഉണരും പ്രാഭതമേ.......
ഇളം വെയിലായി
കുളിരു പ്രകാശമേ.....
പുതുതണാലയി
പുൽക്കും സസ്സ്യയെ..
ചെറു നിലാവായി
പകരും നിദ്രയും.....
പിഞ്ചിയായും
ഇളം വെയിലായും
പുതുതണലായും
ചെറു നിലാവയും
എനിൽ പകരുന്നു
നി എന്ന ദിവസം



–ഗൗരിനന്ദന .സി.എം

# റോസാപ്പൂവ്



റോസാപ്പൂവേ നിന്നെ
കാണാൻ
എന്തൊരു
രസമെന്നോ
അടുത്ത് നിന്നാൽ
കാറ്റിനുപോലും
എന്തൊരു
മണമെന്നോ
മുടിയിൽ ചൂടാൻ ഒരു
പൂ ഞാനും
പറിച്ചെടുത്തോട്ടേ
കടുത്ത് വന്നാൽ
മുള്ളുകളാലെൻ
വിരൽ നോവക്കല്ലേ
പൂമ്പാറ്റയ്ക്കും തേനീച്ചയ്ക്കും

# പൊൻമുട്ട ഇടുന്ന താറാവ്




ഒരിടത്തൊരിടത്ത് ഒരു
പാവപ്പെട്ടവനായ
കൃഷിക്കാരന് വളരെ ഭംഗിയുള്ള ഒരു
താറാവ്
ഉണ്ടായിരുന്നു.എല്ലാദിവസവും ആ
കൃഷിക്കാ
രൻ കൂട്ടിൽ പോയി നോക്കുമ്പോൾ

ആ താറാവ്
തിളങ്ങുന്ന സ്വർണ്ണ മുട്ട
ഇട്ടിട്ടുണ്ടായിരുന്നു.
അയാൾ അത് ചന്തയിൽ
കൊണ്ടുപോയി
വിൽക്കുകയും അങ്ങനെ
ധനികനാവുകയും ചെയ്തു.
പക്ഷേ ഇത് അധികനാൾ നീണ്ടു
നിന്നില്ല. എല്ലാ
ദിവസവും ഒരു മുട്ട കിട്ടുന്നത് ഓർത്ത്
അയാൾ നിരാ
ശനായി. പെട്ടെന്ന് ധനികനാകാൻ



അയാൾ
ആഗ്രഹിച്ചു ഒരു ദിവസം പണം എല്ലാം എണ്ണി
തിട്ടപ്പെടുത്തി വെച്ച് കഴിഞ്ഞപ്പോൾ അയാൾ
ക്കൊരു ആശയം ഉദിച്ചു ഞാൻ ആ താറാവിനെ
കൊന്ന് അതിലുള്ള എല്ലാ മുട്ടകളും പുറത്തെടുക്കും.
അപ്പോൾ എനിക്ക് പെട്ടെന്ന് ധനികനാവാം.
അത്യാഗ്രഹയായ ആ മനുഷ്യൻ ആ താറാവിനെ
കൊന്ന് അതിൻറെ വയറു തുറന്നു
നോക്കി.പക്ഷേ
അയാൾക്ക് ഒരു മുട്ട പോലും കിട്ടിയില്ല.ആ
താറാവ്
ചത്തുപോവുകയും ചെയ്തു.



## രാജവെമ്പാല

പാമ്പുകളിൽ വിഷം
കൂടിയവകളിൽ ഒന്നാണ്
കരിമൂർഖൻ എന്ന്
വിളിപ്പേര് ഇവനെ
പാമ്പുകളിൽ
രാജാവായിട്ട്
എഴുതാറുണ്ട് എലി കീരി
തവള എന്നിവയൊക്കെ
ഭക്ഷണം ആക്കുന്ന
ഇവൻ മാളം
ഉണ്ടാക്കാറില്ല ചേരാ
തുടങ്ങിയ ചെറു
പറമ്പുകൾ ഇവർ
ഭക്ഷണം ആക്കുന്നത്
ഏറ്റവും
സാധാരണമാണ്



# ചിരിപ്പൂക്കൾ



ഒരു തുമ്പപ്പൂവിരിഞ്ഞാൽ
തിരുവോണം മണ്ണിൽ
ഒരു മുല്ലപ്പൂവിരിഞ്ഞാൽ
മലയാളം പെണ്ണിൽ
ഒരു
തെച്ചിപ്പൂവിരിഞ്ഞാൽ
ചെഞ്ചായം വിണ്ണിൽ
ഒരു കുഞ്ഞു
പുഞ്ചിരിച്ചാൽ
തെളിമാനം മണ്ണിൽ

# പാടാം കളിക്കാം



പൈങ്കിളിയേ
പൈങ്കിളിയേ
കളിയാടീടാൻ
വരുമോ നീ
പാടില്ലാ
ചുള്ളികളാൽ
കൂടുചമയ്ക്കാൻ
പോകുന്നു
വണ്ടത്താനെ
വണ്ടത്താനെ
കളിയാടീടാൻ
വരുമോ നീ
പാടില്ലാ
പൂകലിലെ-
ത്തേൻ നുകരാൻ
പോകുന്നു
കുട്ടിക്കന്നേ കുട്ടിക്കന്നേ
കളിയാടീടാൻ വരുമോ നി
പാടില്ലാ കാട്ടുകളിൽ
മേയാനായ്പ്പൊകുന്നു
ചെറുനായേ  ചെറുനായേ
കളിയാടീടാൻ വരുമോ നീ
പാടില്ലാ യജമാന്റേ
വാതില്ക്കു കാക്കാൻ
പോകുന്നു
കളിയാതേ വേലയ്ക്കായ്
എല്ലാരും പോയപ്പോൾ
നാണിച്ചാറുപയ്യൻ
പോയല്ലോ കളരിയിലും
-പന്തളം കേരളവർമ്മ

# അക്കു-ഇക്കു

ദൂരെ തൃശ്ശൂരിനപ്പുറം ഒരു ഗ്രാമത്തിൽ
രണ്ട് ആശാരി ഉണ്ടായിരുന്നു അവർ
ഒരു മത്സരം വച്ചു കുറച്ചുനേരം കൊണ്ട്
ആർക്കാണ് അവിടുത്തെ മുത്തപ്പന്റെ
വിഗ്രഹം ഉണ്ടാക്കാൻ കഴിയുക
അക്കിൻറെയും മത്സരം
തുടങ്ങിയപ്പോൾ ഓരോ മണിക്കൂർ
കഴിയുമ്പോഴും പണി നിർത്തി അവിടെ
നിന്ന് പോകുമായിരുന്നു ഇക്കു
നിർത്താതെ എന്നെ പണി തുടർന്നു
ഉച്ച ആയപ്പോൾ അക്കുവിന്റെ പണി
കഴിഞ്ഞിരുന്നു അത്ഭുതത്തോടെ
ഓരോ മണിക്കൂറും നിർത്തിനിർത്തി
പണി ചെയ്തു ഞാൻ ആദ്യം തന്നെ
നിർത്താതെ മുമ്പ് എങ്ങനെ കഴിഞ്ഞു
ഞാൻ ഓരോ മണിക്കൂറും പണി
നിർത്തിയത് പനി
ഉപകരണങ്ങളുടെയും മൂർച്ച കൂട്ടാൻ
ആയിരുന്നു എന്നായിരുന്നു ചിരിച്ചുള്ള
മറുപടി

# വിളക്ക്

ഉള്ളിൽ പഴയ കവിതന്നീരാടി
ത്തെല്ലുപോൽ നിൻ ചിരി
കാത്തുവെച്ചു
എത്ര ദശാബ്ദങ്ങൾ
പിന്നിട്ടുപോയ്, നമ്മ-
ളെത്ര പണ്ടേ തമ്മിൽ
വേർപിരിഞ്ഞു.
എങ്കിലുമിന്നും നടന്നു പോകെ-
ക്കൺകളന്തിയിരുട്ടിലുഴന്നു
പോകെ
ഒന്നുമേ കാണുവാൻ വയ്യ,
കഴൽകുഴ-
ഞ്ഞെങ്ങോ വഴി തെറ്റി
നിന്നുപോകെ, അച്ചെറു പുഞ്ചിരി
വീണ്ടും
കൊളുത്തി ഞാൻ
ദിക്കറിയുന്നു, നടന്നിടുന്നു.



**ഇര**

–എൻ.എൻ.കക്കാട്

അന്തിവിണ്ണിന്റെ നിരാലംബ –
പാടലനിശ്വാസവായ്പും കരഞ്ഞു
തളർന്ന കടലിന്റെ യേകാന്തസാദവും
കൂട്ടിൽ പിടയുന്ന ഭ്രമിത–
ന്നിററ്റു ജീവന്റെ പകച്ച നോട്ടങ്ങളും
–വേട്ടയടുത്തുപോയ്.

ചക്രവാളത്തിന്റെ തോണ്ടുട–
ച്ചാരാലുയിക്കുമിരുട്ടിന്നോടുപ്പശിയും
തിളങ്ങും ജിഘാംസതൻ ക്രൂരമാം വേർപ്പിൻ
കണങ്ങളും
വിടരുന്നു ,വിരിയും ചിറകിൻ നിഴൽകളിൽ.
–ഇനിയെത്ര നിമിഷങ്ങൾ?

ഉണരാനുറങ്ങാൻ മിഴിക്കുവാൻ ചമ്മുവാനാകാതെ
കണ്ണൊരനാവശ്യദൂർഭരഭാരമാവുന്നു.

ഈയനിശ്ചിതത്വത്തി–
ന്നൊരായിരം മൃത്യുംവേക്കാളും വലിപ്പം.

# സ്വപ്നം



**സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ**
**എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി**
**എന്നോ നെയ്ത് കൂട്ടിയ സ്വപ്ന്ം**
**ഇന്നുമൊരു പൊൻതൂവലായി**
**പ്രഭ ചൊരിയാതെ നിലകൊള്ളുന്നു.**
**സ്വപ്ന്മേ ! നിന്നെയാരും കാണാതെ**
**ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടേ?**
**ഇനിയുമതേ പ്രൗഢിയിൽ നിലനിലനിൽക്കാൻ**

**-ഭിവ്യ**

# ജവഹർലാൽ നെഹറു

അലഹാബാദിൽ 1889 നവംബർ 14നു
ജനിച്ച ഇന്ത്യയുടെ ആദ്യത്തെ
പ്രധാനമന്ത്രി.
പതിനഞ്ചാം വയസ്സിൽ വിദ്യാഭ്യസം
നേടുന്നതിനായി ഇംഗ്ലണ്ടിലേക്കു
പോയി .
1912 ൽ ഇന്ത്യയിൽ തിരിച്ചെത്തി.
സ്രാതന്ത്യസമരത്തിനു നേതൃത്വം
നൽകി പല
പ്രാവശ്യം ജയിലിൽ കഴിയേണ്ടിവന്നു.
ഇന്ത്യയെ കണ്ടെത്തൽ, ഒരച്ഛൻ
മകൾക്ക് അയച്ച
കത്തുകൾ ,തുടങ്ങിയവ
പ്രധാന കൃതികൾ.



# അച്ചുവും കിച്ചുവും

പുമല എന്ന സ്ഥലത്ത് അച്ചുവും കിച്ചുവും സുഹൃർത്തുക്കളായിരുന്നു. ഒരിക്കൽ അവരുടെ നാട്ടിലെ ചിത്ര രചനാ മത്സരം സംഘടിപ്പിച്ചു. അച്ചുവിനു ചിത്രം വരയ്ക്കാൻ ഇഷ്ടമാണ്, പക്ഷെ കിച്ചുവിന് വരയ്ക്കാൻ അറിയില്ല . അവർ പങ്കെടുത്തു .കിച്ചു ധൃതിയിൽ അലംകോലമാക്കി. ആ നേരം അച്ചു പതിയെ വരച്ചു. അതിൽ വിജയിച്ചത് അച്ചു ആണ് അവന് കിട്ടിയ സമ്മാനം കിച്ചുവിനു കൊടുത്തു കിച്ചു ചോദിച്ചു ഇത് എനിക്ക് എന്തിനാ തന്നത് അച്ചു പറഞ്ഞു നീ നല്ല ഒരു കൂട്ടുകാരനായതുകൊണ്ട്.

## ഓർക്കുക വല്ലപ്പോഴും

യാത്റയാക്കുന്നു സഖീ
നിന്നെ ഞാൻ മൗനത്തിന്റെ
നേർത്ത
പട്ടുനൂൽ പൊട്ടിച്ചിതറും
പദങ്ങളാൽ
കരയാൻ ഉറനീളും കണ്ണുകൾ
താഴ്ത്തികൊണ്ട്
വരനോടൊപ്പം നിയാ

വണ്ടിയിലിരിക്കുമ്പോഴും
വാക്കിന് വിലപ്പിടിപ്പേറുമീ സന്ദർഭത്തിൽ
ഓർക്കുക വല്ലപ്പോഴും
എന്നല്ലാതെന്തോതും ഞാൻ
എന്തൊക്കെയാവാം സഖീ എൻ
ചിന്തയിൽ എന്തൊക്കെയാവാം
നീ കാണും കിനാവുകൾ

– KRISHNENDU SABU

# അതേ പ്രാർഥന

വസന്തത്തോടർഥിച്ചതു വെറുതെയായില്ല ,
തേന്മാ
വടിമുടി പൂക്കുലകളണി നിന്നു.
ഒരു പൂവും കൊഴിയാതെയുണ്ണികൾ
വിരിഞ്ഞു, പിന്നി
ടൊരുണിയും പിഴയ്ക്കാതെ വളർന്നുവന്നു.
സമൃദ്ധി മുറ്റിടുംതോറും
കുനിയുകെന്നറിവുറ്റാ-
രനധ്യായം പഠിപ്പിച്ചിതതിനെച്ചൂണ്ടി.



വേനൽ ചുഴന്നുതിയൂതിയതിൻ നിഷ്കേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ
ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറി
കൊമ്പുകളി-
ലായിരം കാക്കകളതിൽപ്പറന്നു വീണു.
ആയിരം കൊച്ചടികളത്തണൽവിരിയിൽപ്പതിഞ്ഞു
മായികനഗരം പോലത്തോപ്പു ചമഞ്ഞു.
അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കടച്ചിട്ടോ-
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു
എല്ലാമെല്ലാം കഴിഞ്ഞപ്പോളമ്മാമരം കലുഷമാം

സ്വർല്ലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു
പിന്നത്തെ വസന്തത്തോട്ടമർഥിക്കയായ്,
ഭഗവാനേ
തന്നരുൾകെനിക്കു വീണ്ടും സഫലജന്മം
വേറെന്തുള്ളു വരമെങ്കൽ
ദേവനാക്രോശിച്ചു,സാധോ
വേദനയ്ക്കു വേണ്ടിത്താനോ ചോദിപ്പു വീണ്ടും
പരിസ്ഫുരൽപ്രഭാതാംശു പതിയും പല്ലവം മെല്ലെ
ച്ചലിക്കുമാറമ്മാകന്ദം മൊഴിഞ്ഞിതേവം
സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം അയ്യോ
ദരിദ്രന്റെ മരവിപ്പാണസഹനീയം

( ഇടശ്ശേരി

## ആശകൾ

അമ്പലത്തിൽ പൂരമണ്
കൊമ്പനാന പൊകണ്
കൊമ്പുകുഴൽ മേളുണ്ട്
ഇമ്പമുണ്ട് കേൾക്കുവാൻ
ഒന്നുവാങ്ങാനാശയുമണ്ട്
ഒന്നു രണ്ട് മോതിരം
കല്ലുവെച്ച മാല വേണം
കാതിലിടാൻ കമ്മലും
പീപ്പി വേണം
പന്തുവേണം
കാറുവേണം പാവയുഒക്കേ വാങ്ങാൻ
കാശ്ശു വേണംഅച്ഛനൊപ്പം
പൊരണം

ഇ. ജിനൻ



# ഓണം

ഓരോരോ രാവും
കുളുർമയേത്തും

ഓണനിലാവിനാലോളംതല്ലും !

അത്തമടുത്തുപോയ്
ബാലകന്മാർ

അത്തലെന്നുള്ളതറിയാതായീ

മെത്തിനകൗതുകാൽ കൂട്ടരുമാ

യെത്തുന്നു പൂങ്കാവിൽ
പൂവറുക്കാൻ.

ഓമനക്കുഞ്ഞുങ്ങളൊത്തുകൂടി

ഓണപ്പാട്ടോരോന്നുപാടിപ്പാടി

തൂമലർതേടി നടക്കുന്നേരം


കോൾമയിർ ഭൂവിന്നും
കൊള്ളും പാരം



ഇടപ്പള്ളി
രാഘവൻപ്പിള്

# ഒട്ടുക്കത്തെ കണ്ണ്

ആയിരം കണ്ണു മിഴിച്ചല്ലേ
ആപത്തു നോക്കിയുണർന്നൂ നാം ,
ആദിപ്പെരും കാട്ടിൽ വാഴ് വൊരുക്കാൻ
ആയിരം കൺകളും പോരല്ലോ
എന്നിട്ടുമിന്നലെ പോരുമ്പോൾ
കണ്ണുകൾ രണ്ടേ മിഴിഞ്ഞുള്ളു



കാട്ടുതീ പൊട്ടിത്തെറിച്ചിട്ടും
കത്തിയമ്പെയ്ത്തു തറച്ചിട്ടും
മറ്റുമുള്ളു തട്ടിത്തുളഞ്ഞിട്ടും
മലവെള്ളം കുത്തിപ്പിളർന്നിട്ടും
മദജലം പോട്ടിപ്പഴുത്തിട്ടും
മിഴിയായ മിഴിയൊക്കെ പോയല്ലേ

പുലർമിഴിച്ചോരത്തുടുപ്പിപ്പോൾ
പുലരാത്ത രാവിലലിഞ്ഞേപ്പോയ്

ഇടിമിന്നൽ പാളും മിഴിയിപ്പോൾ
അടിവാരപ്പൊത്തിൽ
പുതഞ്ഞേപ്പോയ്
ഇന്നലെ രാവിൻ, കിനാക്കാണും
കന്നിമിഴിയു മുടച്ചൂ നാം !

പൊട്ടിയൊഴിഞ്ഞ മിഴിപ്പോട്ടിൽ
കട്ടച്ചചോര കരിഞ്ഞേ പോയ്
ചൂളിച്ചുളിഞ്ഞു മുതുക കുനി

നാലിൽ നടക്കാൻ പഠിച്ചു
നാം ,
ഒന്നേ മിഴിയിനി
ബാക്കിയുള്ള:
ഉണ്ണാം , മുറങ്ങാം
പെരുപ്പിക്കാം.

ഒന്നിതുക്കൂടിയും ചുട്ടുക്കുത്ത
കുന്തക്കണയെയ്തു
പൊട്ടിക്കാം;

# <u>ഹൃദയമൊഴി</u>

ജീവതത്തിൻെറയാ  എകാന്തനിമിഷത്തീൽ
ഒരു രാമഴയായി നീ പെയ്തിങ്ങി
കാലചക്രത്തിലകപ്പെട്ടൊരെന്നെ നിൻ
ആത്മാവിൻ സ്വരങ്ങളാൽ തഴുകിയുണ്ണർത്തി
അതിനിടയിലെതോ ക്ഷണികയിൽ
ഞാൻപ്പോലുമറിയാതെയെൻ പാതിയായി,
അർദ്ധനാരിയായി മാറി നീ.......
എന്തിനു നീ നിൻ വെൺനിലാ വദനത്താ –
ലെൻഹൃത്തിൻ ക്ഷീരസാഗരം
കടഞ്ഞെടുത്തു.
എന്തിനു നീയൊരു ദേവപുഷ്പമായി വിടർന്നു
വെള്ളിനിലാവാമെന്നിലെ രോഹിണി നീ
ഉദയസൂര്യനാമെന്നിലെ സൂര്യകാന്തി നീ
നീയെനിക്കൊരിക്കലുമെന്ന് വിരഹണിയാം
രാധയല്ല,
കാനനവഴിയേഞാനയക്കുകയുമില്ല
സീതേ........
ആദിയോഗിയാമെന്നിലെ പാതിയാം
ആദിനാദം നീ ഗൗരി.......

ALEN ANTU



# നൻമയും തിൻമയും

ഒരിക്കൽ നൻമയും തിൻമയും

തമ്മിൽ കണ്ടുമുട്ടി ,തിൻമയുടെ കറുത്ത ശരീരത്തിൽ വെളുത്ത രണ്ടു ചിറകുകൾ കണ്ട് ആശ്ചര്യത്തോടെ
നൻമ ചോദിച്ചു :ഈ രണ്ടു വെളുത്ത ചിറകുകൾ എന്താണ് ?
തിൻമ പറഞ്ഞു :ഈ ചിറകുകളിൽ ഒന്ന് സമ്പത്തും മറ്റൊന്ന് അധികാരവുമാണ്.ഈ രണ്ടു ചിറകുകളും വേഗത്തിൽ വീശി ഞാൻ കടന്നുപോകുമ്പോൾ എന്നെ കാണുന്നവർക്കെല്ലാം ഞാൻ മുഴുവനായും വെളുത്തതാണെന്നു തോന്നും .അങ്ങനെ നിൻെറ പക്ഷത്തുള്ള കുറെപ്പെരെ എൻെറ പക്ഷത്തേക്ക് കൊണ്ടുവരാൻ എനിക്ക് കഴിയും .

ഗുണപാഠം :സമ്പത്തിനും സ്ഥാനമാനങ്ങൾക്കും പിന്നാലെ നെട്ടോട്ടമോടുന്നവർ പലപ്പോഴും തിൻമയെ നൻമയെന്ന് കരുതാറുണ്ട് .ആകയാൽ നമുക്ക് ലഭിക്കുന്ന സമ്പത്തും സ്ഥാനമാനങ്ങളുമൊക്കെ ശരിയായ മാർഗ്ഗങ്ങളിലൂടെയാണോ നമ്മിലേക്ക് എത്തിച്ചേരുന്നതെന്ന് നാം സ്വയം ഉറപ്പു വരുത്തേണ്ടതാണ്.

# എസ്. വി  വേണു ഗോപൻ നായർ

തിരുവനന്തപുരം ജില്ലയലെ
നെയ്യാറ്റിൻകരയി 1964 ൽ കുളത്തൂർ
(കാരോട് )ജനനം. കോളേജ്
അധ്യാപകൻ,പ്രിൻസിപ്പൽ എന്നീ
നിലകളിൽ
പ്രവർത്തിച്ചു.കൃതികൾ:ഗർഭശ്രീമാൻ,ആദി
ശേഷൻ,തിക്തം
തീമിരം,ഒറ്റപ്പാലം,കഥകളതിസാദരം,പര
ദൈവങ്ങൾ,വീടിന്റെ

നാനാർഥം,വരുമ്പോൾ ഞാനെന്തു
പറയും,രേഖയില്ലാത്ത ഒരാൾ,ഭൂമിപുത്രന്റെ
വഴി.കേരള സാഹിത്യ അക്കാദമി അവാർഡ്
ലഭിച്ചിട്ടുണ്ട്.



# കാർമേഘം



മനം പോലെ മാനവും
ഇരുളുന്നു വീണ്ടും ...

പെയ്ത്തൊഴിയൊഴിയുന്നില്ല
ഒരു
തുള്ളിപോലും ... !
ഘനമേറെയാണു
താനും ...
ആർത്തലച്ചു
പെയ്യണം
ലഘുവായ് വീണ്ടും

വാനിലേക്കുണർന്നുയരാൻ
ഈ
ചക്രമിതുപോൽ തുടരുവാൻ

മനീഷ

## അപ്പക്കിണ്ണം

ചുട്ടിട്ട  അപ്പങ്ങളുടെ കണക്കിൽ

കെട്ടിയോനെണ്ണം മൂന്ന്

കുഞ്ഞുങ്ങൾക്ക് രണ്ടെണ്ണം
വീതം

ബാക്കി  തനിക്ക്

ബാക്കിക്കുമുന്നേ
തീയണക്കുക ,അത്

ചിലപ്പോൾ മാത്രം തെറ്റുന്ന

പതിവായി

തനിക്ക്  ചുറ്റുമിരുന്ന്


നിറക്കപ്പെടുന്ന
വയറുകളിൽ

അമ്മയ്ക്ക്  വിശപ്പറ്റു
വയറുനിറഞ്ഞു

ആയുസറ്റ
അഹന്തയുടെ

ആൾരൂപങ്ങൾക്കുണ്ടായ
ഭയത്തി-

ൽനിന്നും പിറവി
കൊണ്ട  യുദ്ധം!



## പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു,പെട്ടന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്ക്
തോന്നുന്നു
നിങ്ങളെൻ ലോകത്തെ എന്തു
ചെയ്തു?
-സുഗതകുമാരി






# പ്ലാസ്റ്റിക്

എന്ന കൊടും ഭീകരൻ







വിഷമാണ് മാലിന്യം വിഷമമാണ് നിർമാർജനം
വിളിക്കു കൂട്ടരേ ഈ കഥ കേൾക്കുവാൻ
വിളിപ്പുറത്തുള്ളവർ നമ്മൾ തന്നെ കാതോർത്തിരുന്നു
കേട്ടുകൊൾക വിദേശത്തുനിന്നു വിരുന്നു വന്ന
പ്ലാസ്റ്റിക് ഭീകരൻ വില്ലൻ തന്നെ ഇന്നു ഭവിക്കുന്ന
വിപത്തിനെല്ലാം ഏക കാരണം അവൻ തന്നെ
ശുദ്ധവായു ഇല്ല ശുദ്ധജലം ഇല്ല പ്ലാസ്റ്റിക്
കത്തുന്ന വിഷപ്പുകയും വെള്ളം നിറച്ച പ്ലാസ്റ്റിക്
കുപ്പികളും കോള പോലുള്ള
പാനീയങ്ങളും എല്ലാം നിറച്ചെത്തുന്ന
കുപ്പികളും നാട്ടുമുടിച്ച് നരകമാക്കി ആറ്റിലും,
തോട്ടിലും, കുളത്തിലും, പുഴയിലും കുപ്പി, കവർ എന്നിവ
കുന്നുകൂടി പാടത്തും, പറമ്പിലും, റോഡിലും
എല്ലാം പ്ലാസ്റ്റിക് വിരുദ്ധൻ എന്ന ഇവൻ മാത്രം
കന്നുകാലികൾ, പക്ഷികൾ, പറവകൾ, കാട്ടുമൃഗങ്ങൾ
എന്തിനു
മനുഷ്യനു പോലും മരണമുണ്ടാക്കുന്ന
വിഷപ്പുക ചീറ്റുന്ന കമ്പനികളും എല്ലാം
നിയന്ത്രണവിധേയമായാൽ ഭാവി തലമുറ
രക്ഷപ്പെടും ഒന്നായി നമുക്ക് ചേർന്നുനിൽക്കാം
ഇതിനെതിരായി പടം പൊരുതാം

**ഗൗതംകൃഷ്ണ എം.എസ്**